പള്ളിക്കൽ പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതി

895 [1324] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിൽ പള്ളിക്കൽ പഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതിയുടെ പണി ആരംഭിച്ചതെന്നാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ പണി എത്രമാത്രം പുരോഗമിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) അത് എന്ന് പൂർത്തിയാക്കി ശുദ്ധജല വിതരണം തുടങ്ങുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 3/85-ൽ ആരംഭിച്ചു.

(ബി) പൈപ്പ് ലൈനിന്റെ പണി ഏകദേശം 60% പൂർത്തിയാക്കി. കിണറിന്റെയും ടാങ്കിന്റെയും പണി തുടങ്ങിയിട്ടില്ല. കിണറിന് വേണ്ട സ്ഥലം കിട്ടിയിട്ടില്ല.

(സി) കിണറിനുള്ള സ്ഥലം നേരത്തേ ലഭിക്കുകയും ആവശ്യത്തിനുള്ള ഫണ്ട് ലഭിക്കുകയും ചെയ്താൽ പ്രസ്തുത പദ്ധതി 1987 ഡിസംബർ മാസത്തിൽ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

മടവൂർ പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതിയുടെ പണി

896 [1325] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിൽ മടവൂർ പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതിയുടെ പണി ആരംഭിച്ചതെന്നാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ പണി എത്രമാത്രം പുരോഗമിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) പണി എന്ന് പൂർത്തിയാക്കി ശുദ്ധജല വിതരണം തുടങ്ങുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ, ബി, സി) മടവൂർ ശുദ്ധജല വിതരണ പദ്ധതി ഏകദേശം ഇരുപതു വർഷം മുമ്പ് പൂർത്തീകരിച്ച പദ്ധതിയാണ്. പുതിയതായി വേറെ പദ്ധതി ഒന്നും ഏറ്റെടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly